**മധുരമായ കുട്ടികളേ - ബ്രാഹ്മണനായതിന് ശേഷം ബാബയുടെ പേര് മോശമാക്കുന്ന വിധത്തിലുള്ള ഏതൊരു പെരുമാറ്റവും കാണിക്കരുത്, ജോലിക്കാര്യങ്ങൾ ചെയ്തു കൊണ്ടും, ബാബയുടെ ശ്രീമതം പാലിക്കൂ.**

**ചോദ്യം –** ഈശ്വരീയ വിദ്യാർത്ഥിയുടെ വായിൽ നിന്നും ഏതൊരു വാക്ക് വീഴാൻ പാടില്ല?
**ഉത്തരം –** നമുക്ക് പഠിപ്പ് പഠിക്കുവാനുള്ള അവസരമില്ല, ഈ വാക്ക് നിങ്ങളുടെ വായിൽ നിന്നും വീഴാൻ പാടില്ല. ബാബ കുട്ടികളുടെ തലയിൽ ഭാരമൊന്നും ഏൽപ്പിക്കുന്നില്ല, കേവലം പറയുന്നു അതിരാവിലെ എഴുന്നേറ്റ് ഒരു മണിക്കൂറോ, അരമണിക്കൂറോ എന്നെ ഓർമ്മിക്കൂ, പഠിപ്പ് പഠിക്കൂ.

**ചോദ്യം –** മനുഷ്യരുടെ പദ്ധതി എന്താണ്, ബാബയുടെ പദ്ധതി എന്താണ്?
**ഉത്തരം –** മനുഷ്യരുടെ പദ്ധതിയാണ് - എല്ലാവരെയും ഐക്യത്തിലേക്ക് കൊണ്ടു വരിക എന്നത്. നരൻ ആഗ്രഹിക്കുന്നതൊന്ന് പക്ഷെ..... ബാബയുടെ പദ്ധതിയാണ് അസത്യ ഖണ്ഡത്തെ സത്യഖണ്ഡമാക്കി മാറ്റുക. അപ്പോൾ സത്യ ഖണ്ഡത്തിലേക്ക് പോകുന്നതിനായി തീർച്ചയായും സത്യമാകേണ്ടതായി വരും.

**ഗീതം –** ഇന്നത്തെ മനുഷ്യന് ----

**ഓംശാന്തി**. കുട്ടികളും ഓംശാന്തി എന്ന് പറയുന്നു. ആത്മാക്കൾ ഈ ശരീരത്തിലൂടെയാണ് ഓംശാന്തി എന്ന് പറയുന്നത്. ആത്മാവായ എന്റെ സ്വധർമ്മം ശാന്തിയാണെന്നുള്ളത് മറക്കരുത്. ബാബയും വന്ന് ഓംശാന്തി എന്ന് പറയുന്നു. നിങ്ങൾ കുട്ടികൾ എവിടെയാണോ ശാന്തമായിരിക്കുന്നത്, അവിടെയാണ് ബാബയും ശാന്തമായിരിക്കുന്നത്. അത് ശാന്തിധാമമായ നമ്മുടെ വീടാണ്. ലോകത്തിലുള്ള ഏതൊരു വിദ്വാന്മാർക്കോ ആചാര്യന്മാർക്കോ ഈ കാര്യത്തെക്കുറിച്ച് അറിയുകയില്ല. അവർ ആത്മാ സൊ പരമാത്മാവെന്നു പറയുന്നു. ആത്മ ജ്ഞാനം പോലും ആരിലുമില്ല. ആത്മാവ് എന്താണ്? ഇത്ര കോടിക്കണക്കിനു ആത്മാക്കളും നക്ഷത്ര സദൃശമാണ്. ഓരോ ആത്മാവിലും അവരവരുടെതായ അവിനാശി പാർട്ട് അടങ്ങിയിട്ടുണ്ട്, അത് സമയത്തിനനുസരിച്ച് എമർജ്ജ് ആകുന്നു. ജീവാത്മാക്കൾക്ക് ഇത് മനസ്സിലാക്കി തരുവാനായി ബാബയ്ക്കും ജീവാത്മാവായിത്തീരണം. എനിക്കും തീർച്ചയായും ശരീരം ആവശ്യമാണ്. രചനയെ രചിക്കുമ്പോഴാണ് ശരീരമെടുക്കേണ്ടതായി വരിക. പ്രജാപിതാ ബ്രഹ്മാവിലൂടെയാണ് രചനയെ രചിക്കുന്നത്, നിരാകാരനായ ശിവനാണ് രചയിതാവ്. പ്രജാപിതാവായ ബ്രഹ്മാവിലൂടെ ബ്രഹ്മാകുമാരി-കുമാരന്മാർക്കാണ് മനസ്സിലാക്കി തരുന്നത്, അല്ലാതെ ശൂദ്രന്മാർക്കല്ല. ഇപ്പോൾ നമ്മുടെത് ബ്രാഹ്മണ വർണ്ണമാണ്. ആദ്യം ശൂദ്ര വർണ്ണത്തിലേതായിരുന്നു. അതിനും മുമ്പ് വൈശ്യ വർണ്ണത്തിലും ക്ഷത്രിയ വർണ്ണത്തിലുമായിരുന്നു. ലോകത്തിലുള്ളവർക്ക് പക്ഷേ ഈ കാര്യങ്ങളെക്കുറിച്ച് അറിയില്ല. ബ്രാഹ്മണർ തന്നെയാണ് ദേവതകളും ക്ഷത്രിയരും വൈശ്യരും ശൂദ്രരുമായിത്തീരുന്നത്..... ബ്രാഹ്മണർ തന്നെയാണ് ഏറ്റവും ഉന്നത കുലത്തിലുള്ളവർ. ആദ്യമെല്ലാം ബ്രാഹ്മണർ പശുവിന്റെ കുളമ്പിനോളം വലുപ്പമുള്ള ഒരു ചെറിയ കുടുമ വെക്കുമായിരുന്നു. നിങ്ങളാണ് തലകുത്തി മറിയുന്ന കളി കളിക്കുന്നത്. ഞാൻ കളിക്കുന്നില്ല. ഈ വർണ്ണങ്ങളുടെ ചക്രത്തിലേക്ക് വരുന്നത് നിങ്ങളാണ്. എത്ര സഹജമായ കാര്യമാണ്. നിങ്ങളുടെ പേര് തന്നെ സ്വദർശന ചക്രധാരി എന്നാണ്. ബാക്കി ശാസ്ത്രങ്ങളിൽ എന്തെല്ലാം കാര്യങ്ങളാണ് എഴുതി വെച്ചിരിക്കുന്നത്. നിങ്ങൾ മനസ്സിലാക്കുന്നു നമ്മൾ ബ്രാഹ്മണർ തന്നെയാണ് സ്വദർശന ചക്രധാരികളാകുന്നത്. എന്നാൽ അലങ്കാരങ്ങളെല്ലാം നൽകിയിരിക്കുന്നത് ദേവതകൾക്കാണ് കാരണം അവർ സമ്പൂർണ്ണരാണ്. അവർക്കു മാത്രമേ അത് ശോഭിക്കൂ. ഈ ജ്ഞാനത്തെ ധാരണ ചെയ്യുന്നതിലൂടെ നിങ്ങൾ ചക്രവർത്തി രാജാവായിത്തീരുന്നു. നിങ്ങളിപ്പോൾ സന്മുഖത്താണ് ഇരിക്കുന്നത്. ഇത് രുദ്ര ജ്ഞാന യജ്ഞമാണ്. യജ്ഞത്തിൽ തീർച്ചയായും ബ്രാഹ്മണർ ആവശ്യമാണ്. ശൂദ്ര യജ്ഞം ഒരിക്കലും രചിക്കാൻ സാധിക്കില്ല. രുദ്രനായ ശിവബാബയാണ് യജ്ഞം രചിച്ചത് എങ്കിൽ അതിൽ തീർച്ചയായും ബ്രാഹ്മണരെ ആവശ്യമാണ്. ബാബ പറയുന്നു ഞാൻ ബ്രാഹ്മണ കുട്ടികളോടാണ് സംസാരിക്കുന്നത്. എത്ര വലിയ യജ്ഞമാണ്. ബാബ വന്നപ്പോൾ തന്നെ യജ്ഞവും രചിച്ചു. ഇതിനെ അശ്വമേധ യജ്ഞം അഥവാ സ്വരാജ്യം സ്ഥാപിക്കുന്നതിനായുള്ള യജ്ഞം എന്നാണ് പറയുന്നത്. എവിടെ? ഭാരതത്തിൽ. സത്യയുഗീ സ്വരാജ്യമാണ് രചിക്കുന്നത്. ഇതിനെ ശിവ ജ്ഞാന യജ്ഞമെന്നോ രുദ്ര ജ്ഞാന യജ്ഞമെന്നോ പറയാം. സോമനാഥന്റെ ക്ഷേത്രവും ബാബയുടെതു തന്നെയാണ്. ഒരാൾക്കു തന്നെ വളരെയധികം പേരുകളുണ്ട്. ഇതിനെ യജ്ഞമെന്നാണ് പറയുന്നത്, പാഠശാല എന്നല്ല. യജ്ഞത്തെ ഒരിക്കലും പാഠശാല എന്നു പറയില്ലല്ലോ. ബാബ ബ്രാഹ്മണരിലൂടെയാണ് യജ്ഞം രചിക്കുന്നത്. ബ്രാഹ്മണർക്ക് ദക്ഷിണ നൽകുന്നത് ഭോലാനാഥനായ(നിഷ്കളങ്ക

രുടെ നാഥൻ) ശിവബാബയാണ്. ബാബയെ ശിവഭോലാനാഥ ഭണ്ഡാരി എന്നാണ് പറയുന്നത്. ഇപ്പോൾ നിങ്ങൾ സന്മുഖത്താണ് ഇരിക്കുന്നത്. ബാപ്ദാദയാണ് കുട്ടികളെ ദത്തെടുക്കുന്നത്. ബ്രഹ്മാവ് വലിയ അമ്മയാണ്. പിന്നീട് മാതാക്കളെ സംരക്ഷിക്കുവാനായി മമ്മയെ നിയമിച്ചിട്ടുണ്ട്. മമ്മ വളരെ തീവ്രഗതി യിൽ മുന്നേറുന്നു. മമ്മയുടെ പാർട്ട് വളരെ മുഖ്യമാണ്. മമ്മ ജ്ഞാനേശ്വരി ജഗദംബ സരസ്വതിയാണ്. മഹാലക്ഷ്മിയെ ഒരിക്കലും ജ്ഞാന ജ്ഞാനേശ്വരി എന്ന് പറയില്ല. ധനത്തിന്റെ ദേവിയാണ് ലക്ഷ്മി. ഇവ രുടെ വീട്ടിൽ ലക്ഷ്മിയുണ്ട്, അതായത് ധനമുണ്ടെന്ന് പറയാറില്ലേ. ലക്ഷ്മിയിൽ നിന്നും ധനമാണ് യാചി ക്കുന്നത്. 12 മാസം പൂർത്തിയായാൽ ലക്ഷ്മിയെ ആഹ്വാനം ചെയ്യുന്നു. ജഗദംബ സർവ്വരുടെയും മനോ കാമനകൾ പൂർത്തീകരിക്കുന്നു. കുട്ടികൾക്കറിയാം ജഗദംബ പ്രജാപിതാ ബ്രഹ്മാവിന്റെ മകളാണ്. ഇവ രുടെ പേരാണ് സരസ്വതി. ഇവർക്ക് ഒരു പേര് മാത്രമേയുള്ളൂ. മമ്മയുണ്ടെങ്കിൽ മക്കളുമുണ്ടാകില്ലേ. നിങ്ങൾ ശിവബാബയിലൂടെയാണ് ജ്ഞാനം കേൾക്കുന്നത്. ബാബ വന്ന് ഇവരെ(ബ്രഹ്മാവ്) ദത്തെടുത്തു, പിന്നീട് ബ്രഹ്മാവെന്നു പേരു വെച്ചു. ഞാൻ പതിത ശരീരത്തിലേക്കാണ് വരുന്നതെന്നു പറയുന്നു. എന്നാൽ ശാസ്ത്രങ്ങളിൽ ഈ കാര്യങ്ങളൊന്നുമില്ല. നിങ്ങൾക്കറിയാം നമ്മൾ പുതിയ ലോകത്തേക്കുള്ള പുരു ഷാർത്ഥമാണ് ചെയ്യുന്നത്. മുള്ളിൽ നിന്നും പുഷ്പമായിത്തീരുന്നു. ശൂദ്രരായിരുന്നപ്പോൾ മുള്ളായിരു ന്നു. ഇപ്പോൾ ബ്രാഹ്മണർ പുഷ്പമാകുന്നു. ബ്രാഹ്മണരെ പുഷ്പമാക്കുന്നത് ശിവബാബയാണ്. ബാബ പൂന്തോട്ടക്കാരനാണ്. നിങ്ങളും നമ്പർവൈസായി തോട്ടത്തെ സംരക്ഷിക്കുന്ന ആൾക്കാരാണ്. ആരാണോ നല്ല-നല്ല തോട്ടക്കാർ അവർ മറ്റുള്ളവരെയും തനിക്കു സമാനമാക്കി മാറ്റുന്നു. തൈ നട്ടു കൊണ്ടിരിക്കു ന്നു. നമ്പർവൈസാണ്, ഇതിനെയാണ് ആത്മീയ ജ്ഞാനമെന്നു പറയുന്നത്. ജ്ഞാനം നൽകുന്ന ആൾ ഈശ്വരനാണ്. ശാസ്ത്രങ്ങൾ എല്ലാ മനുഷ്യരും കേൾപ്പിക്കുന്നുണ്ട്. ഈ ആത്മീയ ജ്ഞാനം പരമാത്മാ വാണ് ആത്മാക്കൾക്ക് നൽകുന്നത്, മറ്റാർക്കും തന്നെ രചയിതാവിനെക്കുറിച്ചും രചനയെക്കുറിച്ചുമുള്ള ജ്ഞാനമില്ല. വെറുതെ അന്ധവിശ്വാസങ്ങൾ പറയുന്നു എന്നു മാത്രം. ഈ ലോകം തന്നെ അസത്യമാണ്. എല്ലാം അസത്യം മാത്രമാണ്. ആദ്യമൊന്നും കൃത്രിമമായ വജ്രങ്ങൾ ഉണ്ടായിരുന്നില്ല. ഇപ്പോൾ എല്ലാം കൃത്രിമം തന്നെയാണ്. സത്യമായത് വെക്കാൻ അനുവദിക്കുന്നില്ല. അസത്യ ഖണ്ഡത്തിൽ രാവണ രാജ്യ വും, സത്യ ഖണ്ഡത്തിൽ രാമനാൽ സ്ഥാപിക്കപ്പെട്ട രാജ്യവുമാണ്. ഇത് ശിവബാബയാൽ സ്ഥാപിക്ക പ്പെട്ട യജ്ഞമാണ്. പാഠശാലയുമാണ്, യജ്ഞവുമാണ്, വീടുമാണ്. നിങ്ങൾക്കറിയാം നമ്മൾ പാരലൗകിക അച്ഛന്റെയും പ്രജാപിതാ ബ്രഹ്മാവിന്റെയും സന്മുഖത്താണ് ഇരിക്കുന്നത്. ബ്രാഹ്മണനാകാതെ എങ്ങനെ സമ്പത്ത് ലഭിക്കും? യജ്ഞത്തെ സംരക്ഷിക്കാനായി സത്യമായ ബ്രാഹ്മണർ ആവശ്യമാണ്. വികാരത്തി ലേക്ക് പോകുന്നവരെ ഒരിക്കലും ബ്രാഹ്മണരെന്നു പറയില്ല. ഒരു കാൽ രാവണന്റെ തോണിയിലും മറ്റൊരു കാൽ രാമന്റെ തോണിയിലുമാണെങ്കിൽ ഭവിഷ്യത്തെന്തായിരിക്കും? തീർച്ചയായും വഴുതി വീഴും. അത്ത രത്തിലുള്ള പെരുമാറ്റത്തിലൂടെ പേര് തന്നെ മോശമാകുന്നു. പ്രജാപിതാ ബ്രഹ്മാവിന്റെ സന്താനമെന്നു പറ യുന്നുണ്ടെങ്കിലും കർത്തവ്യം ശൂദ്രന്മാരുടെതാണ്. ബാബ പറയുന്നു ജോലികളെല്ലാം തന്നെ ചെയ്തുകൊണ്ടും ശ്രീമതം പാലിക്കുകയാണെങ്കിൽ പിന്നെ ഉത്തരവാദിത്വം ബാബയ്ക്കാണ്.

നിങ്ങൾ ഇവിടേക്ക് വന്നിരിക്കുന്നത് ഈശ്വരീയ മതം സ്വീകരിക്കാനാണ്. ലോകത്തിലുള്ളത് ആസുരീയ മതം. ഉയർന്നതിലും ഉയർന്ന ബാബ നൽകുന്ന മതവും ഉയർന്നതാണ്. മനുഷ്യനിൽ നിന്നും ദേവതയാകു ന്നതിനുള്ള ഉയർന്ന മതമാണ് നമുക്ക് ലഭിക്കുന്നത്. നമ്മൾ സൂര്യവംശി രാജാവാകുമെന്നു പറയുന്നുണ്ട്. ഇത് രാജസ്വയാണ് പ്രജസ്വയല്ല. നിങ്ങൾ രാജാ-റാണിയാകുന്നു എങ്കിൽ തീർച്ചയായും പ്രജകളും വേണം. മമ്മാ-ബാബ പുരുഷാർത്ഥത്തിലൂടെ ആയിത്തീരുന്നു എങ്കിൽ നിങ്ങൾ കുട്ടികൾക്കും തീർച്ചയായും ആയി ത്തീരണം. നിങ്ങൾ കുട്ടികൾക്ക് സന്തോഷമുണ്ടായിരിക്കണം. നമ്മൾ ബ്രഹ്മാകുമാർ-കുമാരിമാർ ശിവ ബാബയുടെ പേരമക്കളാണ്. ശിവബാബയെ ഒരിക്കലും പ്രജാപിതാവെന്നു പറയില്ല. ബാബ രചയിതാവാ ണ്. സ്വർഗ്ഗത്തിൽ വസിക്കുന്നവർ ദേവി-ദേവതകളാണ്. ബാബ തന്നെയാണ് മനുഷ്യനെ ദേവതകളാക്കി മാറ്റുന്നത്. നിങ്ങളുടെ ശരീരം കല്പവൃക്ഷത്തിനു സമാനമാകുന്നു, അതായത് ശരീരത്തിന്റെ ആയുസ്സ് വർദ്ധിക്കുന്നു. തമോപ്രധാനമായ നിങ്ങൾ ആത്മാക്കളെ സതോപ്രധാനവും സുന്ദരവുമാക്കുന്നു. എപ്പോ ഴാണോ സമ്പൂർണ്ണ പവിത്രമാകുന്നത് അപ്പോൾ ഈ ശരീരം തന്നെയുണ്ടാകില്ല. അതുകൊണ്ട് ഈ വൈക്കോൽ കൂന അഗ്നിയ്ക്ക് ഇരയാവുക തന്നെ വേണം. ഇതിൽ സർവ്വതും നശിക്കുന്നു. ഇത് പരിധി യില്ലാത്ത ദ്വീപാണ്, മറ്റേത് പരിധിയുള്ളതും. എത്ര ഭാഷകളുണ്ടോ അത്രയും പേരുകൾ വെച്ചിട്ടുണ്ട്. അനേകം ദ്വീപുകളുണ്ട്. മുഴുവൻ സൃഷ്ടിയിലും രാവണ രാജ്യമാണ്. നിങ്ങൾ ഗീതത്തിലും ലോകത്തിന്റെ അവസ്ഥയെക്കുറിച്ച് കേട്ടതല്ലേ. സത്യയുഗത്തിൽ പരസ്പരം കൊല്ലുകയില്ല. അവിടെ രാമ രാജാ, രാമ പ്രജ... ദു:ഖത്തിന്റെ കാര്യം തന്നെയില്ല. മറ്റുള്ളവർക്ക് ദു:ഖം നൽകുന്നതും പാപം തന്നെയാണ്. അവിടെ പിന്നെങ്ങനെയാണ് രാവണനും ഹനുമാനുമെല്ലാം വന്നത്? നിങ്ങൾക്ക് പറയാം - ഗോഡ്ഫാദർ പറയുന്ന ആദ്യത്തെ മുഖ്യമായ കാര്യമിതാണ്, ബാബ ഒരിക്കലും സർവ്വവ്യാപിയല്ല. അങ്ങനെയെങ്കിൽ എല്ലാവരും

പരസ്പരം അച്ഛനാകും. എല്ലാവരും അച്ഛനാകില്ലല്ലോ.
ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് ഇത് മനസ്സിലാക്കി കൊടുക്കണം, അരക്കല്പം നിങ്ങൾ അസത്യമായ സമ്പാദ്യം ചെയ്തു. ഇപ്പോൾ സത്യ ഖണ്ഡത്തിനായി സത്യമായ സമ്പാദ്യമാണ് ചെയ്യേണ്ടത്. മറ്റുള്ളവർ ശാസ്ത്രങ്ങൾ കേൾപ്പിക്കുന്നതും സമ്പാദ്യത്തിനാണ്. ശിവബാബ ഈ ശാസ്ത്രങ്ങളൊന്നും തന്നെ പഠിച്ചിട്ടില്ല. ബാബ ജ്ഞാന സാഗരനാണ്. ബാബ സത്യമാണ് ചൈതന്യമാണ്. ഇപ്പോൾ നിങ്ങൾ കുട്ടികൾക്കറിയാം നമ്മൾ ബാബയിൽ നിന്നും സത്യഖണ്ഡത്തിനായുള്ള സത്യമായ സമ്പാദ്യമാണ് ചെയ്യേണ്ടത്. അസത്യ ഖണ്ഡം നശിക്കണം. ദേഹസഹിതം സർവ്വതും നശിക്കണം. യുദ്ധം എങ്ങനെ പുറപ്പെടും എന്നുള്ളതെല്ലാം നിങ്ങൾ കാണും. എല്ലാവരും ഒന്നിക്കണം എന്നു മറ്റുള്ളവർ മനസ്സിലാക്കുന്നുണ്ടെങ്കിലും വീണ്ടും ഭിന്നിപ്പുണ്ടാകുന്നു. നരൻ ആഗ്രഹിക്കുന്നത് വേറെയാണ്.... അവരുടെത് വിനാശത്തിനുള്ള പദ്ധതിയാണ്. ഈശ്വരന്റെ പദ്ധതിയെന്താണ്? അതിപ്പോൾ നിങ്ങൾക്കറിയാം. ബാബ വന്നിരിക്കുന്നത് അസത്യ ഖണ്ഡത്തെ സത്യഖണ്ഡമാക്കുന്നതിനായാണ്, മനുഷ്യനെ ദേവതയാക്കുന്നതിനാണ്. സത്യമായ ബാബയിലൂടെ നിങ്ങൾ സത്യമാകുന്നു, രാവണൻ നിങ്ങളെ അസത്യമാക്കുന്നു. ബാബ തന്നെയാണ് സത്യ ജ്ഞാനം നൽകുന്നത്. നിങ്ങൾ ബ്രാഹ്മണരുടെ കൈകൾ നിറയുന്നു. ബാക്കി ശൂദ്രന്മാരുടെ കൈകൾ കാലിയാകുന്നു.

നിങ്ങൾക്കറിയാം നമ്മൾ തന്നെയാണ് ദേവി-ദേവതകളാകുന്നത്. ഇപ്പോൾ ബാബ ഇതു മാത്രമേ പറയുന്നുള്ളൂ, ഗൃഹസ്ഥത്തിൽ ജീവിച്ചു കൊണ്ടും കമലപുഷ്പ സമാനമാകൂ, എന്നെ ഓർമ്മിക്കൂ. എന്നെ എന്തിനാണ് മറക്കുന്നത്? സ്വർഗ്ഗത്തിന്റെ അധികാരിയാക്കി മാറ്റുന്ന അച്ഛനെ നിങ്ങൾ മറക്കുന്നുവോ....... ഇത് പുതിയ കാര്യമാണ്, ഇവിടെ ആത്മാഭിമാനിയായി മാറേണ്ടതായുണ്ട്. ആത്മാവ് അവിനാശിയാണ് ഒരു ശരീരം ഉപേക്ഷിച്ച് മറ്റൊന്ന് എടുക്കുന്നു. ബാബ പറയുന്നു - ദേഹിഅഭിമാനിയാകൂ, എന്തുകൊണ്ടെന്നാൽ തിരികെ പോകണം. ദേഹീക ഭാരത്തെ ഉപേക്ഷിക്കൂ. ഇത് 84-ാം ജന്മത്തെ അഴുകിയ വസ്ത്രമാണ്. വസ്ത്രം ഒരുപാടു തവണ ധരിച്ചാൽ അത് പഴകാറില്ലേ. നിങ്ങൾക്കും ഈ പഴയ ശരീരം ഉപേക്ഷിക്കണം. ഇപ്പോൾ കാമ ചിതയിൽ നിന്നും പുറത്തേക്ക് വന്ന് ജ്ഞാന ചിതയിലിരിക്കൂ. വളരെയധികം പേർക്ക് വികാരങ്ങൾ കൂടാതെ ജീവിക്കാൻ സാധിക്കില്ല. ബാബ പറയുന്നു - ദ്വാപരയുഗം മുതൽക്ക് നിങ്ങൾ ഈ വികാരങ്ങൾ കാരണമാണ് മഹാരോഗിയായിത്തീർന്നത്. ഇപ്പോൾ ഈ വികാരങ്ങളെ ജയിക്കൂ. കാമ വികാരത്തിലേക്ക് പോകരുത്. ഈ ശരീരം അപവിത്രവും പതിതവുമല്ലേ. പാവനമാകൂ. ഇവിടെ എല്ലാവരും വികാരത്തിലൂടെയാണ് ജന്മമെടുക്കുന്നത്. സത്യ-ത്രേതായുഗത്തിൽ ഈ വികാരങ്ങളുണ്ടാകുന്നില്ല. അവിടെയും വികാരങ്ങളുണ്ടെങ്കിൽ അതിനെ സ്വർഗ്ഗമെന്നും, ഇവിടെ നരകമെന്നും പറയുന്നതിൽ അർത്ഥമില്ലല്ലോ. ബാബ പറയുന്നു ശാസ്ത്രങ്ങളിൽ ലക്ഷ്യമൊന്നുമില്ലല്ലോ. എന്നാൽ ഇവിടെ ലക്ഷ്യമുണ്ട്. നമ്മളെല്ലാവരും മനുഷ്യനിൽ നിന്നും ദേവതയാകുന്നു. ബാബ പറയുന്നു നിങ്ങൾ എന്തെല്ലാമാണോ പഠിച്ചത് അതിനെയെല്ലാം മറന്നേക്കൂ. അതിലൊന്നും തന്നെ സാരമില്ല. നിങ്ങൾക്ക് ഒരു പ്രാവശ്യം മാത്രമേ കയറുന്ന കലയുണ്ടാകുന്നുള്ളൂ. പിന്നീട് ഇറങ്ങുന്ന കലയാണ്. എത്ര തന്നെ പ്രയത്നിച്ചാലും താഴേക്ക് ഇറങ്ങിയെ മതിയാകൂ. പതിതമാകുക തന്നെ വേണം. ഇത് വളരെയധികം മോശമായ ലോകമാണ്. നിങ്ങൾ കുട്ടികൾക്ക് അറിയാം നമ്മുടെ ഭാരതം സ്വർഗ്ഗമായിരുന്നു. ഇപ്പോൾ നരകമാണ്. ആദ്യം ഒരേയൊരു ആദിസനാതന ദേവതാധർമ്മം മാത്രമായിരുന്നു, ഇപ്പോൾ അതില്ല. ഇപ്പോൾ വീണ്ടും അതേ ധർമ്മത്തിന്റെ സ്ഥാപന ബാബ ബ്രഹ്മാവിലൂടെ വന്ന് നിർവ്വഹിക്കുന്നു. നമ്മൾ വീണ്ടും രാജ്യം നേടുന്നു എന്ന് നിങ്ങളും പറയുന്നു. രാജ്യം നേടിയ ശേഷം പിന്നീട് ഈ ജ്ഞാനം നഷ്ടമാകുന്നു. ഈ ജ്ഞാനം പതിതർക്കു മാത്രമാണ് പാവനമാകുന്നതിനായി ലഭിക്കുന്നത്. പിന്നീട് പാവന ലോകത്തിൽ ഈ ജ്ഞാനം എന്തിനാണ്? ലക്ഷ്മി-നാരായണന്റെ രാജ്യത്തിന് എത്ര വർഷമായി എന്നുള്ളത് നിങ്ങൾക്ക് അറിയാം. പറയുന്നു, ബാബാ ഞങ്ങൾ വീണ്ടും 5000 വർഷങ്ങൾക്കു ശേഷം രാജ്യം നേടാൻ വന്നിരിക്കുന്നു. നമ്മൾ ആത്മാക്കൾ ബാബയുടെ മക്കളാണ്. ഒരു ഉദാഹരണം പറയാറുണ്ട്, ഞാൻ പോത്താണെന്ന്...... ഒരാൾ പറഞ്ഞുകൊണ്ടിരുന്നപ്പോൾ അവർക്ക് ഞാൻ പോത്തു തന്നെയാണെന്നുള്ള നിശ്ചയമുണ്ടായി. അപ്പോൾ അവർ പറഞ്ഞു ഞാൻ ഈ വാതിലിലൂടെ എങ്ങനെ പുറത്തേക്ക് വരും. ഈ ഉദാഹരണങ്ങളെല്ലാം തന്നെ നിങ്ങൾക്കുള്ളതാണ്. നിങ്ങൾക്ക് ഈ നിശ്ചയമുണ്ടാകണം, നമ്മൾ ബാബയുടെ മക്കളാണ്. അല്ലാതെ ഞാൻ ചതുർഭുജമാണെന്നു പറയുമ്പോഴേക്കും അതുപോലെയാകുമെന്നല്ല. നമ്മെ ആക്കിത്തീർക്കുന്ന ആൾ വേണം. ഇത് നരനിൽ നിന്നും നാരായണനാകുവാനുള്ള ജ്ഞാനമാണ്. ആരാണോ നല്ല രീതിയിൽ ധാരണ ചെയ്യുന്നത്, ചെയ്യിപ്പിക്കുന്നത് അവർക്കേ ഉയർന്ന പദവി പ്രാപ്തമാകൂ. വിദ്യാർത്ഥികൾ ഒരിക്കലും ഞങ്ങൾക്ക് പഠിക്കുവാനുള്ള സമയമില്ലെന്നു പറയില്ല. പഠിക്കാനുള്ള സമയമില്ലെങ്കിൽ വീട്ടിൽ പോയി ഇരിക്കൂ. പഠിപ്പിലൂടെയല്ലാതെ സമ്പത്ത് ലഭിക്കില്ല. എന്നാൽ ഇവിടെ ഈശ്വരീയ വിദ്യാർത്ഥികൾ പറയുന്നു - ഞങ്ങൾക്ക് അവസരമില്ല. ബാബയുടെതായതിനു ശേഷം ബാബയോട് വിടപറഞ്ഞു വിട്ടു പോകുന്നു എങ്കിൽ അവരെപ്പോലുള്ള

മഹാവിഡ്ഢികൾ മാറ്റാരുമില്ല. ഒരു മണിക്കൂറോ, അരമണിക്കൂറോ നിങ്ങൾക്ക് സമയമില്ലേ...... എന്നാൽ അതിരാവിലെ എഴുന്നേറ്റ് ബാബയെ ഓർമ്മിക്കൂ. ബാബ തലയിൽ വലിയ ഭാരമൊന്നും നൽകുന്നില്ലല്ലോ. കേവലം അതിരാവിലെ എഴുന്നേറ്റ് ബാബയെ ഓർമ്മിക്കൂ, സ്വദർശന ചക്രം കറക്കൂ. മറ്റുള്ളവരുടെ മംഗളം ചെയ്യാൻ കഴിയുന്നില്ലെങ്കിൽ അവനവന്റെ മംഗളം ചെയ്യൂ. ദയാ മനസ്കരായി എത്രത്തോളം മറ്റുള്ളവരുടെ നന്മ ചെയ്യുന്നുവോ അത്രയ്ക്കും ഉയർന്ന പദവി ലഭിക്കുന്നു. അതിശക്തമായ സമ്പാദ്യമാണ്. ആരിലാണോ ധാരാളം ധനമുള്ളത് അവരാണ് ഞങ്ങൾക്ക് സമയമില്ലെന്നു പറയുന്നത്. ധനവാന്മാർ അവിടെ ദരിദ്രരാകുന്നു, ദരിദ്രർ അവിടെ ധനവാനാകുന്നു. ഏറ്റവും അധികം കരയുന്നത് മാതാക്കളാണ്, അവരെ പുഞ്ചിരിപ്പിക്കുന്നവരാകണം. നിരന്തരം ഓർമ്മയുടെ യാത്രയിലിരിക്കണം. മധുബനിൽ വളരെയധികം ശാന്തിയുള്ളതുകൊണ്ട്, അവിടെ നിങ്ങൾക്ക് ധാരാളം സമ്പാദിക്കുവാൻ സാധിക്കുന്നു.

വളരെക്കാലത്തെ വേർപാടിന് ശേഷം കളഞ്ഞ് പോയി തിരികെ കിട്ടിയ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണയും പുലർകാല വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണക്കുള്ള മുഖ്യമായ സാരം -

1. സത്യഖണ്ഡത്തിലേക്കു വേണ്ടി സത്യമായ സമ്പാദ്യം ചെയ്യണം. ആത്മാഭിമാനിയായിരിക്കണം. ഈ അഴുകിയ ചെരുപ്പിന്റെ (ശരീരത്തിന്റെ) അഭിമാനത്തെ ഉപേക്ഷിക്കണം.

2. ദയാമനസ്കരായി അവനവന്റെയും മറ്റുള്ളവരുടെയും നന്മ ചെയ്യണം. അതിരാവിലെ എഴുന്നേറ്റ് ബാബയെ ഓർമ്മിച്ചു കൊണ്ട് സ്വദർശന ചക്രം കറക്കണം.

## വരദാനം:- ശുഭഭാവനയിലൂടെ വ്യർത്ഥത്തെ സമർത്ഥത്തിലേക്ക് പരിവർത്തനപ്പെടുത്തുന്ന ഹോളീഹംസമായി ഭവിക്കട്ടെ.

ഹോളീഹംസമെന്ന് അവരെയാണ് പറയുക- ആരാണോ നെഗറ്റിവിനെ ഉപേക്ഷിച്ച് പോസിറ്റിവിനെ ധാരണ ചെയ്യുന്നത്. കണ്ടുകൊണ്ടും കേട്ടുകൊണ്ടും കാണുകയുമില്ല, കേൾക്കുകയുമില്ല. നെഗറ്റിവ് അർത്ഥം വ്യർത്ഥവാക്കുകൾ, വ്യർത്ഥ കർമ്മം കേൾക്കരുത്, ചെയ്യരുത്, പറയരുത് . വ്യർത്ഥത്തെ സമർത്ഥത്തിലേക്ക് പരിവർത്തനം ചെയ്യണം. ഇതിന് വേണ്ടി ഓരോ ആത്മാവിനെപ്രതിയും ശുഭഭാവന വേണം. ശുഭഭാവനയിലൂടെ തല കീഴായ കാര്യങ്ങളും നേരെയാകും, അതിനാൽ ആര് എങ്ങനെയുള്ളവരാകട്ടെ താങ്കൾ ശുഭഭാവന കൊടുക്കൂ. ശുഭഭാവന കല്ലിനെപ്പോലും വെള്ളമാക്കും. വ്യർത്ഥം സമർത്ഥത്തിലേക്ക് പരിവർത്തനപ്പെടും.

## സ്ലോഗൻ:- അതീന്ദ്രിയ സുഖത്തിന്റെ അനുഭൂതി ചെയ്യണമെങ്കിൽ ശാന്തസ്വരൂപസ്ഥിതിയിൽ സ്ഥിതി ചെയ്യൂ.